"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ - മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 - മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിലെ 2 പ്രവൃത്തികളുടെ പേര് ആസ്തി രജിസ്റ്റർ പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(പി.പി) വകുപ്പ്**

സ.ഉ.(കൈ) നം.201/2025/LSGD തീയതി,തിരുവനന്തപുരം, 05-11-2025

---

പരാമർശം:-

1. 29.11.2024 ൽ LSGD-DB2/392/2024-LSGD-Part(1) നമ്പർ സർക്കുലർ.
2. 20.01.2025 ലെ സ.ഉ.(കൈ)നം.14/2025/LSGD.
3. 19.05.2025 ലെ സ.ഉ.(കൈ)നം.80/2025/LSGD.
4. മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.07.2025 ലെ Sc2-2599121/2025 നമ്പർ കത്ത്.

**ഉത്തരവ്**

2024-25 ലെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 1000 കോടി രൂപ വിനിയോഗിച്ച് സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള 3540 റോഡുകളുടെ പുനരുദ്ധാരണത്തിന് പരാമർശം (2) പ്രകാരം "തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ" ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു.

2. പരാമർശം (3) പ്രകാരം പദ്ധതിയുടെ പേര് മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. പരാമർശം (2) പ്രകാരം 15 ലക്ഷം രൂപയുടെ വീതം ഭരണാനുമതി നൽകിയിട്ടുള്ള പേരാമ്പ്ര നിയോജക മണ്ഡലത്തിലെ , മേപ്പയൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട കാട്ടുമഠം - കേളപ്പില്ലം റോഡ് എന്ന പ്രവൃത്തിയുടെ പേര് ആസ്തി രജിസ്റ്റർ പ്രകാരം ചാലിൽമുക്ക് - കേളപ്പില്ലം റോഡ് എന്നും, നേരോത്തറമ്മൽ - പുതുക്കുളങ്ങര കനാൽ റോഡ് എന്ന പ്രവൃത്തിയുടെ ആസ്തി രജിസ്റ്ററിലെ പേര് പുതുശ്ശേരിമുക്ക് - നേരോത്തറമ്മൽ റോഡ് എന്നും ആണെന്നും, കൂടാതെ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന പേരിൽ മറ്റൊരു റോഡ് മേപ്പയൂർ ഗ്രാമപഞ്ചായത്തിൽ ഇല്ല എന്നും ആയതിനാൽ ആസ്തി രജിസ്റ്ററിലെ പേര് ഉപയോഗിച്ച് തുക വിനിയോഗിക്കുവാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ട് മേപ്പയൂർ ഗ്രാമപഞ്ചായത്ത്

പ്രസിഡന്റ് പരാമർശം (4) കത്ത് നൽകിയിരുന്നു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരം 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പേരാമ്പ്ര നിയോജക മണ്ഡലം, മേപ്പയൂർ ഗ്രാമപഞ്ചായത്തിലെ കാട്ടുമഠം - കേളപ്പില്ലം റോഡ് എന്ന പ്രവൃത്തിയുടെ പേര് **ചാലിൽമുക്ക് - കേളപ്പില്ലം റോഡ്** എന്നും, പരാമർശം (2) പ്രകാരം തന്നെ 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ നേരോത്തറമ്മൽ - പുതുക്കുളങ്ങര കനാൽ റോഡ് എന്ന പ്രവൃത്തിയുടെ പേര് **പുതുശ്ശേരിമുക്ക് - നേരോത്തറമ്മൽ റോഡ്** എന്നും തിരുത്തി പരാമർശം (2) ലെ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

5. മേൽ ഭേദഗതിയോടെ പരാമർശം (2) ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ധനകാര്യ വകുപ്പ്
ട്രഷറി ഡയറക്ടർ
സെക്രട്ടറി, മേപ്പയൂർ ഗ്രാമപഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ
Signed by
Manju L S
Date: 05-11-2025 15:13:54